# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2153 16.08.2017- ൽ മറുപടിക്ക്**

**കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.പി.വി.അൻവർ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്ത് കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കൈത്തറി മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിന് പുതുതായി 2016-17 വർഷം മുതൽ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. തറികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിലവാരം മെച്ചപ്പെടുത്തൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണം എന്നിവയ്ക്കായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പുതിയ ഡിസൈൻ/ പുതിയ സാമഗ്രികൾ എന്നിവ ഉപയോഗിച്ച് മൂല്യവർദ്ധിത കൈത്തറി ഉൽപന്നങ്ങളുടെ വികസനത്തിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കേരളാ ഹാന്റ്ലൂം കൈത്തറി ഉൽപന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റിംഗ് കൈത്തറി ഉൽപന്നങ്ങൾക്ക് നൽകുന്നതിനും ധനസഹായം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളാ ഹാന്റ്ലൂം വിൽപനശാലകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി പ്രത്യേകം പരിജ്ഞാനം ലഭിച്ച ഡിസൈനർമാരെ ഉൾപ്പെടുത്തി പരിശീലനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

(ബി) കൈത്തറി ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിനും വൈവിധ്യവൽക്കരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും എന്ന പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന രീതിയിൽ ധനസഹായം നൽകാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| വർക്ക്ഷെഡ് നവീകരണ ഗ്രാന്റ്, വ്യക്തിഗത നെയ്ത്തുകാർക്കുള്ള വർക്ക്ഷെഡ് നവീകരണ ഗ്രാന്റ് | 140 ലക്ഷം |
| മൂല്യവർദ്ധിതവും അധികമൂല്യവർദ്ധിതവുമായ ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും | 200 ലക്ഷം |
| ഡൈഹൗസ് നവീകരണ ഗ്രാന്റ് | 40 ലക്ഷം |

(സി) കൈത്തറി ഉൽപന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനു വേണ്ടി സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിലുള്ള വിവിധ എക്സ്പോകളിൽ പങ്കെടുക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) കേരളത്തിലെ കൈത്തറി ഉൽപന്നങ്ങൾക്ക് ഒരു പൊതുവായ ഗുണമേന്മാ മാനദണ്ഡം ഉണ്ടാക്കുന്നതിനും അവയെ ഒരു പൊതു ബ്രാന്റിന്റെ കീഴിൽ കൊണ്ടുവരുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

(ഡി) ഉണ്ട്. കേരളത്തിലെ കൈത്തറി ഉൽപന്നങ്ങൾക്ക് ഒരു പൊതുവായ ഗുണമേന്മാ മാനദണ്ഡം ഉണ്ടാക്കുന്നതിനും അവയെ ഒരു പൊതു ബ്രാന്റിന്റെ കീഴിൽ കൊണ്ടുവരുന്നതിനുമായി 'കേരള ഹാന്റ്ലൂം ഉൽപന്നങ്ങൾ' എന്ന പേരിൽ പ്രത്യേക ബ്രാന്റോടു കൂടിയ നിലവാരമുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്കായുള്ള ധനസഹായം, കേരളാ ഹാന്റ്ലൂം വിൽപ്പനശാലകൾക്കുള്ള ധനസഹായം, എന്നിവയ്ക്കായി 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുപ്രകാരം പ്രസ്തുത പദ്ധതി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ണൂർ (നിഫ്റ്റ്) ന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്നതിനു പ്രാരംഭ നടപടികൾ (ഡി.പി.ആർ തയ്യാറാക്കൽ) ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ